**കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**
(ഒരു കേരള സർക്കാർ തൊഴിലും നൈപുണ്യവും വകുപ്പ് സ്ഥാപനം)
നിർമ്മാൺ ഭവൻ, മേട്ടുക്കട, തൈയ്ക്കാട് പി.ഒ, തിരുവനന്തപുരം – 695014
ഫോൺ : 2337941, 2337942, 2337943, ഇ-മെയിൽ:kbocwwboard@gmail.com

വി. ശശികുമാർ (Ex. MLA)
ചെയർമാൻ
ഫോൺ നം: 9446252001

തീയതി: 03-04-2020

പ്രിയ സുഹൃത്തെ,

കോവിഡ്-19 വ്യാപനം തടയുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്** സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനായി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കിടയിലും **200 കോടി**യുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും തൊഴിലാളികളെ സഹായിക്കുന്നതിനായി മെച്ചപ്പെട്ട ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

ബോർഡിന്റെ ജില്ലാ ആഫീസുകൾ ലോക്ക് ഡൗൺ കാരണം പൂർണ്ണമായും തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ബോർഡിന്റെ ജില്ലാ ആഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിച്ചിട്ടില്ലാത്തതിനാൽ അതിവേഗം ആനുകൂല്യം തൊഴിലാളികൾക്ക് എത്തിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ട്. എന്നിരുന്നാലും ബോർഡ് പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിലെ പ്രത്യേക ധനസഹായ മായ **1000/-രൂപയും** തൊഴിലാളികളുടെ ആശ്രിതർക്ക് ആർക്കെങ്കിലും ബോർഡിന്റെ നിയമാവലിയിൽ പറയുന്ന മാരകരോഗം ബാധിച്ചിട്ടുണ്ടെങ്കിൽ അനുവദിക്കുന്ന **2000/-രൂപയും** കഴിവതും വേഗത്തിൽ തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ബാങ്കുകളുടെ പ്രവർത്തനം പൂർണ്ണനിലയിൽ അല്ലാത്തതും, പോസ്റ്റ് ആഫീസുകൾ പൂർണ്ണമായും അടഞ്ഞു കിടക്കുന്നതിനാലും പെൻഷനും, മറ്റ് ആനുകൂല്യങ്ങളും യഥാസമയം എത്തിക്കാൻ കഴിയാത്തത് മന:പൂർവ്വമായ വീഴ്ചയല്ലായെന്നും താങ്കളെ അറിയിച്ചു കൊള്ളുന്നു.

ബോർഡിലെ അർഹതയുള്ള എല്ലാ തൊഴിലാളികൾക്കും 1000/-രൂപ ധനസഹായം അവരുടെ ലഭ്യമായ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ ജില്ലാ ആഫീസുകളിൽ ബാങ്ക് അക്കൗണ്ട് ലഭ്യമാക്കിയിട്ടുള്ള തൊഴിലാളികൾ ഈ ആനുകൂല്യം ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല. ഏതെങ്കിലും തരത്തിൽ തൊഴിലാളികളുടെ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് എന്നിവ ലഭ്യമല്ലായെങ്കിൽ അവരുടെ പൂരിപ്പിച്ച അപേക്ഷകൾ ട്രേഡ് യൂണിയൻ മുഖാന്തിരമോ, നേരിട്ടോ ആഫീസിൽ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് ലോക്ക് ഡൗൺ നിലവിലുള്ളതിനാൽ അടിയന്തിരമായി അപേക്ഷ സ്വീകരിച്ച് പദ്ധതി നടപ്പാക്കുന്നത് പ്രായോഗികമല്ല. ഈ അവസ്ഥയിൽ തൊഴിലാളികൾക്ക് ലോക്ക് ഡൗൺ കാലാവധി കഴിഞ്ഞാലും ആനുകൂല്യം വിതരണം ചെയ്യുന്നതാണ്. ആയതിനാൽ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ നിലവിലുള്ളപ്പോൾ സാമൂഹ്യ സുരക്ഷയെ മുൻനിർത്തി ജില്ലാ ആഫീസുകളിൽ നേരിട്ടെത്തി അടിയന്തരമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സംശയമുണ്ടെങ്കിൽ അതത് ജില്ലാ ആഫീസുകളിൽ ഫോൺ മുഖേന ബന്ധപ്പെടാവുന്നതാണ്.

ഈ സവിശേഷ സാഹചര്യത്തിൽ ആനുകൂല്യ വിതരണ പ്രവർത്തനങ്ങൾക്ക് എല്ലാ തൊഴിലാളി സംഘടനകളുടെയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ട്,

അഭിവാദനങ്ങളോടെ,

**വി. ശശികുമാർ (Ex. MLA)**

**ചെയർമാൻ**